പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1235

12.03.2015 – ൽ മറുപടിയ്ക്ക്

## കയർ വ്യവസായമേഖലയുടെ ശോചനീയവസ്ഥ

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ.ജി. സുധാകരൻ<br>,, സി.കെ. സദാശിവൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി |
|---|---|
| എ) കയർ വ്യവസായം സംരക്ഷിക്കാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ; | എ) കയർ വ്യവസായം സംരംക്ഷിക്കുവാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് സഹായകമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിക്കുന്നവർക്കുള്ള ആനുകൂല്യം കാര്യമായി വർദ്ധിപ്പിച്ചും, ചകിരി ഉൽപ്പാദിപ്പിക്കുന്നവർക്ക് സബ്സിഡി നൽകിയും, തൊണ്ട് ശേഖരിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം 2,00,000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതാണ്. ഈ പദ്ധതി നടപ്പാകുന്നതോടെ മേഖലയിലെ തൊഴിലില്ലായ്മയും കയർ മേഖലയിലെ കൊഴിഞ്ഞുപോക്കും ഒരു പരിധി വരെ കുറയാൻ സഹായകമാകുമെന്ന് കരുതുന്നു. നാളികേര വികസന ബോർഡുമായി സഹകരിച്ച് തൊണ്ട് ശേഖരിച്ച് ചകിരിയാക്കുന്ന ഒരു പ്രോജക്റ്റിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കയർപിരി/ കയർ ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലിയും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. |

| | |
|---|---|
| ബി) കയർ മേഖലയുടെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) കയർ മേഖലയിൽ ശോചനീയാവസ്ഥ നിലനിൽക്കുന്നില്ല. കയർ മേഖലയിൽ സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. സംഘങ്ങൾക്ക് വർദ്ധിപ്പിച്ച രീതിയിൽ പ്രവർത്തന മൂലധനം നൽകിയതുമൂലം ഉൽപ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ഈ മേഖലയിൽ കൂലി വർദ്ധനവും നടപ്പാക്കിയിട്ടുണ്ട്. |
| സി) നിലവിൽ എത്ര തൊഴിലാളികൾക്ക് എത്ര ദിവസം തൊഴിൽ നൽകാൻ സാധ്യമാകുന്നുണ്ട്; ബജറ്റിൽ കയർമേഖലയ്ക്ക് വകയിരുത്തിയ തുക ഏതെങ്കിലും വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | സി)സ്വകാര്യ മേഖലയിലെ കണക്ക് ലഭ്യമല്ല. നിലവിൽ സഹകരണ മേഖലയിലെ ഏകദേശം 90,000/- ത്തോളം തൊഴിലാളികൾക്ക് ശരാശരി 155 ദിവസം തൊഴിൽ നൽകാൻ സാധിക്കുന്നുണ്ട്. കയർമേഖലയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. |
| ഡി) കയർ വ്യവസായത്തെ മാത്രം ആശ്രയിച്ച കഴിയുന്ന പതിനായിരങ്ങൾ പട്ടിണിയോട് മല്ലിടുകയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനകം ആത്മഹത്യ ചെയ്ത കയർ തൊഴിലാളികളെത്രയെന്നറിയിക്കുമോ; | ഡി) കയർ വ്യസായത്തെ ആശ്രയിച്ചു കഴിയുന്ന തൊഴിലാളികൾ പട്ടിണിയിലാണെന്ന അവസ്ഥ നിലവിലില്ല. കയർ വ്യവസായം സംരക്ഷിക്കുവാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനുമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കയർ തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) കയർ കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം എത്ര ശതമാനമായി കുറഞ്ഞിട്ടുണ്ട്; അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഇ) കേരളത്തിൽ നിന്നും പ്രധാനമായും കയറുൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത് ഇതിൽ കുറവു വന്നിട്ടില്ല. കയർ ബോർഡിന്റെ കണക്കുപ്രകാരം കയർ ഒഴികെയുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതി 2013-14 ൽ 745.93 കോടി രൂപയുടേതായിരുന്നു. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. |

സെക്ഷൻ ഓഫീസർ